The question that the Tirur Municipal Council (Extension of Term of Office of Councillors) Bill, 1979 be finally passed was put and carried.

The Bill was finally passed.

(iii) 1979-ലെ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ (പിരിച്ചുവിടൽ) ഭേദഗതി ബിൽ

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ .സി .എച്ച്. മുഹമ്മദുകോയ): 1979–ലെ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ (പിരിച്ചുവിടൽ) ഭേദഗതിബിൽ ഞാൻ അവതരിപ്പിക്കുന്നു. ആർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് അടിയന്തിര നിയമനിർമ്മാണം നടത്താനുള്ള സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെൻറും മേശപ്പുറത്തു വയ്ക്കുന്നു.

Mr. Speaker: The Bill stands introduced.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഈ ബിൽ പാസാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

Minister for Transport (**Shri K. Narayana Kurup**): Sir, I second it.

Shri N. I. Devassykutty: Sir, I move that the Trivandrum Municipal Corporation (Dissolution) Amendment Bill, 1979 be circulated for eliciting public opinion till 31st May, 1979.

Shri R. Sundaresan Nair: Sir, I move that the Trivandrum Municipal Corporation (Dissolution) Amendment Bill, 1979 be referred to a Select Committee.

സർ, വളരെ വേദനയോടും ലജ്ജയോടുംകൂടി ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്. ലജ്ജയുടെ കാര്യം പറയേണ്ട ആവശ്യമില്ല. വേദനയുടെ കാര്യം പറയാം. ഇത് തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന്റെ സമിതിയെ പിരിച്ചുവിട്ടുകൊണ്ടുള്ള നിയമത്തിന് സമയം നീട്ടി പ്രാബല്യം കൊടുക്കുന്നതിനുള്ള ബില്ലാണ്. തിരുവനന്തപുരം നഗരം ഈ സംസ്ഥാനത്തിന്റെ തലസ്ഥാനമാണ്. ഇവിടെ അധികാരത്തിലിരിക്കുന്ന പല മന്ത്രിമാർക്കും താൽപ്പര്യമില്ലെങ്കിലും തിരുവനന്തപുരം നഗരത്തിന്റെ വളർച്ച, അതിന്റെ പുരോഗതി അത് ഈ രാജ്യത്തിന്റെ മുഴുവൻ ആവശ്യമാണ്. ഈ സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തുനിന്നും പല കാര്യങ്ങൾക്കായി തിരുവനന്തപുരത്തു വരേണ്ട സാധാരണക്കാരായ ആളുകൾക്ക് അത്യാവശ്യമായ മുഴുവൻ സൗകര്യങ്ങളും തിരുവനന്തപുരം നഗരിക്ക് ഉണ്ടാകേണ്ടത് സംസ്ഥാനത്തെ മുഴുവൻ ആളുകളുടെയും ആവശ്യമാണ്. പക്ഷേ ഈ കാര്യത്തിൽ താൽപ്പര്യമില്ലാത്ത, തിരുവനന്തപുരം നഗരത്തിന്റെ കാര്യത്തിൽ യാതൊരു താൽപ്പര്യവുമില്ലാത്ത ഒരു സംവിധാനമാണ് അവിടത്തെ ഭരണം ഇന്നു കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്. തിരുവനന്തപുരത്തെ ജനങ്ങളോട് നഗരത്തിലെ ആളുകളുടെ പൊതുവായ വികാരങ്ങളോട് യാതൊരു ഉത്തരവാദിത്വവുമില്ലാത്ത കുറേ ഉദ്യോഗസ്ഥൻമാരുടെ കയ്യിൽ ഇപ്പോൾ തിരുവനന്തപുരം നഗരത്തിന്റെ ഭരണം ഏൽപ്പിച്ചിരിക്കുകയാണ്. ഞാൻ മുമ്പൊരിക്കൽ ചൂണ്ടിക്കാണിച്ച ഉദാഹരണം ഒരിക്കൽകൂടി ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇപ്പോൾ ഇവിടെ ടാക്സ് റിവിഷന്റെ പേരിൽ, 50 ലക്ഷം രൂപ പിരിച്ചിരുന്ന സ്ഥാനത്ത് 108 ലക്ഷം രൂപയായി വർദ്ധിപ്പിച്ചുകൊണ്ടുള്ള നികുതി വർദ്ധനവിനുള്ള നിർദ്ദേശമാണ് ജനങ്ങളുടെ വികാരങ്ങളെ മാനിക്കാൻ തയ്യാറില്ലാത്ത ഉദ്യോഗസ്ഥൻമാർ മുന്നോട്ടു വച്ചത്. ഇതൊരു നല്ല ഉദാഹരണമാണ്. 100 ശതമാനത്തിൽ കൂടുതൽ വർദ്ധനവാണ് ഈ കാര്യത്തിൽ വരുത്തിയിരിക്കുന്നത്. അതുപോലെ തന്നെ ഈ നഗരത്തിന്റെ എല്ലാ തരത്തിലുള്ള വികസനത്തിന്റെ കാര്യത്തിലും അവഗണനയാണ് കാണിച്ചിരിക്കുന്നത്. ഇതൊരു വലിയ നഗരം എന്നാണ് പറയുന്നത്. നഗരത്തിന്റെ പല ഭാഗത്തും ഇപ്പോഴും വൈദ്യുതി എത്തിച്ചേർന്നിട്ടില്ലാത്ത പ്രദേശങ്ങളുണ്ട്. ശുദ്ധജലവിതരണം എത്തിച്ചേരാത്ത പ്രദേശങ്ങളുണ്ട്. ശുദ്ധജലവിതരണം ഇല്ലാതിരുന്ന സ്ഥലങ്ങളിൽ മുമ്പ് ലോറിയിൽ വെള്ളം കൊണ്ടുകൊടുക്കുമായിരുന്നു. ജനപ്രതിനിധി സമിതി പിരിച്ചുവിട്ടതിനുശേഷം ആ സമ്പ്രദായം ഇല്ലാതായിരിക്കുന്നു. നഗര ശുചീകരണത്തിനുവേണ്ടി റോഡുകൾ തൂക്കുന്ന കാര്യത്തിലും ചവറുകൾ മാറ്റുന്ന കാര്യത്തിലും ചില പ്രത്യേക സംവിധാനങ്ങൾ മുമ്പുണ്ടായിരുന്നു. ഇന്നത് ഇല്ലാതായിരിക്കുന്നു. നഗരത്തിലെ പ്രധാനപ്പെട്ട പല തെരുവുകളും ഇന്ന് ചവറുകൾ തട്ടിക്കൂട്ടുന്ന സ്ഥലങ്ങളായി മാറിയിരിക്കുന്നു. പല റോഡുകളുടെയും പ്രധാനപ്പെട്ട തെരുവുകളിൽ ചവറുകൾ കുന്നുകൂടിക്കിടക്കുന്നതുകൊണ്ട് വാഹനങ്ങൾ കൊണ്ടുപോകാൻ പ്രയാസമായിരിക്കുന്നു. നഗരത്തിനകത്തുള്ള റോഡുകളിൽക്കൂടി പോകാതിരിക്കുകയാണ് നല്ലത്. ശുചീകരണത്തിന്റെ കാര്യത്തിലും വൃത്തിയുടെ കാര്യത്തിലും ഭാരതത്തിന്റെ തെക്കൻ സംസ്ഥാനങ്ങളിൽവച്ച് ഏറ്റവും പ്രധാനപ്പെട്ട നഗരമെന്ന് ഒരുകാലത്ത് പേരുകേട്ടിരുന്ന ഒരു നഗരമായിരുന്നു ഇത്. എന്നാൽ ഈ നഗരത്തിലെ പല റോഡുകളിലുംകൂടി ഇന്ന് വാഹനങ്ങൾ ഓടിച്ചുകൊണ്ടുപോകാൻ വയ്യാത്ത ഒരവസ്ഥ ഉണ്ടായിട്ടുണ്ട്. ഈ റോഡുകളുടെ മെയിൻറനൻസ് നടത്തുന്നതിനുള്ള ഉത്തരവാദിത്വം ഇന്ന് കോർപ്പറേഷനെ ഏൽപ്പിച്ചിരിക്കുകയാണ്. ഈ കോർപ്പറേഷന്റെ സംവിധാനത്തിൽ ഈ റോഡുകളുടെ മെയിൻറനൻസ് നടത്തുന്നതിനുവേണ്ടിയുള്ള സാമ്പത്തികശേഷിയോ, സാങ്കേതികശേഷിയോ ഇല്ല എന്നുള്ളതാണ് സത്യം. അതിനുവേണ്ട സാങ്കേതികശേഷിയും വിഭവശേഷിയുമൊക്കെ കോർപ്പറേഷന് ഇല്ലാതിരിക്കുകയും അതേസമയത്ത് ഈ റോഡുകളെ സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വം കോർപ്പറേഷനെ ഏൽപ്പിക്കുകയും ചെയ്യുമ്പോൾ ജനങ്ങളുടെ വികാരങ്ങളെ മാനിക്കാൻ താൽപ്പര്യമില്ലാത്ത കുറെ ഉദ്യോഗസ്ഥൻമാർ ഭരണയന്ത്രം തിരിക്കുന്നതിന്റെ ഗതികേട്, പ്രയാസങ്ങൾ ഈ നഗരത്തിലെ ജനങ്ങൾ വളരെക്കാലമായി അനുഭവിച്ചുകൊണ്ടിരിക്കുന്നു. ജനങ്ങളിൽനിന്ന് വീട്ടുനികുതിയുടെ പേരിൽ വളരെ വലിയ തുക ഈടാക്കുന്നുണ്ട്. അതേസമയത്ത് ഈ കോർപ്പറേഷന്റെ സ്വർണ്ണഖനിയായ പ്രൊഫഷണൽ ടാക്സ് പിരിച്ചെടുക്കുന്ന കാര്യത്തിൽ കോർപ്പറേഷൻ അധികാരികൾ അമ്പേ പരാജയപ്പെട്ടിരിക്കുന്നു. കോർപ്പറേഷൻ ജനപ്രതിനിധികൾ ഭരിച്ചിരുന്ന കാലത്ത് യാതൊരു തടസ്സവും കൂടാതെ പ്രൊഫഷണൽ ടാക്സ് പിരിച്ചെടുക്കുന്നതിനുള്ള സംവിധാനം ഉണ്ടായിരുന്നു. തിരുവനന്തപുരം കോർപ്പറേഷൻ പ്രവൃത്തിക്കുന്നത് വീട്ടുനികുതി പിരിച്ചിട്ടുമാത്രമല്ല, ആയിരക്കണക്കിന് പതിനായിരക്കണക്കിന് വലിയ ശമ്പളം വാങ്ങിച്ച് തിരുവനന്തപുരം നഗരത്തിൽ ജോലി ചെയ്യുന്ന ആളുകളിൽനിന്ന് പിരിച്ചെടുക്കേണ്ട പ്രൊഫഷണൽ ടാക്സ് പിരിച്ചെടുത്തിട്ട്, അതായിരിക്കണം കോർപ്പറേഷന്റെ ബഡ്ജറ്റിൽ വരുമാനമായി കാണിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട ഘടകം. അത്

LIBRARY ARCHIVES Kerala Legislative Assembly

പരിപൂർണ്ണമായി അവഗണിക്കപ്പെട്ടിരിക്കുന്നു. പ്രൊഫഷണൽ ടാക്സ് പിരിച്ചെടുക്കുന്ന കാര്യത്തിൽ യാതൊരു നടപടിയും കോർപ്പറേഷനിലെ ഉദ്യോഗസ്ഥൻമാർ എടുക്കുന്നില്ല എന്നുള്ളതാണ് സത്യം. തിരുവനന്തപുരം സെക്രട്ടേറിയറിലെ സെക്രട്ടറിമാർ മുതൽ താഴോട്ട് ഉള്ളവർക്ക് പ്രൊഫഷണൽ ടാക്സ് വളരെയധികം കുടിശ്ശിക ഉണ്ടെന്നുള്ളതാണ് സത്യം. അത് പിരിച്ചെടുക്കാൻ സെക്രട്ടറിമാരുടെ കീഴിൽ ഭരണം നടത്തുന്ന ഉദ്യോഗസ്ഥൻമാരും അഡ്മിനിസ്ട്രേറ്റീവ് ആഫീസറും കമ്മീഷണറും തയ്യാറാകുമെന്നു കരുതുന്നത് അബദ്ധമാണ്. കോർപ്പറേഷൻ ശരിക്ക് പ്രവർത്തിക്കണമെങ്കിൽ ജനങ്ങളുടെ വികാരങ്ങളെ മാനിക്കുന്ന ഒരു ജനപ്രതിനിധി സഭ ഉണ്ടാകണം. രാഷ്ട്രീയമായ കാരണങ്ങൾകൊണ്ട് ജനപ്രതിനിധികളും ഉൾക്കൊള്ളുന്ന കൗൺസിൽ പിരിച്ചുവിട്ടതിനുശേഷം തിരഞ്ഞെടുപ്പു നീട്ടിനീട്ടിക്കൊണ്ടുപോകാനുള്ള ഒരു ശ്രമമാണ് ഗവൺമെൻറ് നടത്തുന്നത്. ഇത് തിരുവനന്തപുരം നഗരത്തിലെ ജനങ്ങളോടുമാത്രം കാണിക്കുന്ന ദ്രോഹമല്ല. തിരുവനന്തപുരം നഗരത്തിൽ എന്തെങ്കിലും കാരണത്താൽ വരേണ്ടിവരുന്ന ഈ സംസ്ഥാനത്തിലെ മുഴുവൻ ജനങ്ങളോടും അതുപോലെ പുറത്തുനിന്നു വരുന്ന ആളുകളോടും കാണിക്കുന്ന വലിയ ഒരു ദ്രോഹമാണ്. തിരുവനന്തപുരത്തുവരേണ്ട ആവശ്യം ഇനി ഇല്ലല്ലോ എന്നു പറഞ്ഞേക്കാം. കാരണം ജില്ലാ അഡ്മിനിസ്ട്രേഷൻ ബില്ല് വന്നില്ലേ, ഇനി തിരുവനന്തപുരത്തു വരേണ്ട കാര്യം വല്ലതുമുണ്ടോ എന്നു ചോദിച്ചേക്കാം. മുമ്പ് തൊടുപുഴയുള്ളവർക്ക് തിരുവനന്തപുരത്തുനിന്ന് ഒരു കാര്യം നടത്തണമെങ്കിൽ നേരിട്ട് തിരുവനന്തപുരത്തു വന്നാൽ മതിയായിരുന്നു. ഇനി തിരുവനന്തപുരത്തു വരേണ്ടിവരുന്ന ആളുകൾ ജില്ലാ അഡ്മിനിസ്ട്രേഷൻ ബില്ലുവന്നാൽ തൊടുപുഴനിന്നും പൈനാവിലേക്ക് പോയിട്ട് പിന്നെ തിരുവനന്തപുരത്തു വരേണ്ടിവരും; ഇങ്ങനെയുള്ള ഗതികേട് ഉണ്ടാകും. ഇങ്ങനെ തിരുവനന്തപുരം നഗരത്തെ അവഗണിച്ചുകൊണ്ട് തിരുവനന്തപുരം നഗരത്തിൻെറ വികസനസാദ്ധ്യതകളെ വീണ്ടുംവീണ്ടും നീട്ടിക്കൊണ്ടുപോകുന്ന ഈ ബില്ലിനെ ഒരുതരത്തിലും അനുകൂലിക്കുകസാദ്ധ്യമല്ല. തിരുവനന്തപുരം നഗരത്തിൻെറ വികസനത്തിന് കൊച്ചിൻ ഡെവലപ്പ്മെൻറ് അതോറിറ്റിപോലെതന്നെ അധികാരസ്വാതന്ത്ര്യമുള്ള ഒരു സ്ഥാപനം ഉണ്ടാക്കി, തിരുവനന്തപുരം നഗരത്തിൻെറ വികസനകാര്യങ്ങളിൽ ഗവൺമെൻറ് ശ്രദ്ധിക്കുന്നതിനുപകരം നഗരത്തിൻെറ വികസന പ്രവർത്തനങ്ങളുടെ വേഗത കുറയ്ക്കുന്നതിൻെറയും തിരഞ്ഞെടുപ്പു നീട്ടിനീട്ടിക്കൊണ്ടുപോകുന്നതിൻേറയും ഭാഗമായിട്ടാണ് ഞാൻ ഈ ബില്ലിനെ കാണുന്നത്.

സർ, ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് ഒരു കാര്യം പറയാനുണ്ട്. ഒക്ടോബറിൽ തീർച്ചയായും തിരഞ്ഞെടുപ്പു നടത്തുമെന്നാണ് പറയുന്നത്. ജൂണിൽ തിരഞ്ഞെടുപ്പു നടത്തുമെന്ന് ബില്ലിലുണ്ട്. ഒക്ടോബറിലേക്ക് തിരഞ്ഞെടുപ്പു നീട്ടിവയ്ക്കണമെന്നുള്ള ഒരു പ്രമേയം ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. ഒക്ടോബറിൽ തിരഞ്ഞെടുപ്പു നടത്തുമെന്നാണ് പറയുന്നത്. ജില്ലാ വികസന സമിതിയുടെ തിരഞ്ഞെടുപ്പും കൂടി ഒന്നിച്ചുനടത്താമെന്നുള്ള ആഗ്രഹം ഇവിടെ പ്രകടിപ്പിച്ചു. ജില്ലാ വികസന സമിതിയുടെ തിരഞ്ഞെടുപ്പ് ഒക്ടോബറിൽ നടത്തുമെന്ന വിശ്വാസം എനിക്കില്ല. റൂംസ് ഉണ്ടാക്കി നിയമസഭയുടെ മുമ്പിൽ 14 ദിവസംവച്ച് അതിന് അംഗീകാരമൊക്കെ ലഭിച്ചുകഴിഞ്ഞിട്ട് അതിൻെറ അടിസ്ഥാനത്തിലുള്ള ജില്ലാ വികസന സമിതിയിലേക്കുള്ള തിരഞ്ഞെടുപ്പ് ഒക്ടോബറിൽ നടത്തുമെന്നുള്ള യാതൊരു വിശ്വാസവും

LIBRARY ARCHIVES Kerala Legislative Assembly

എനിക്കില്ല. ഒക്ടോബറിൽ നടത്തുമെന്ന് ആത്മാർത്ഥതയോടുകൂടിയാണ് മന്ത്രി പറയുന്നതെങ്കിൽ അദ്ദേഹം മറുപടി പറയുമ്പോൾ രണ്ടു കാര്യങ്ങൾക്കു മറുപടി പറയണം. ഒന്ന്, ഒക്ടോബറിൽ തിരഞ്ഞെടുപ്പു നടത്തിയില്ലെങ്കിൽ അദ്ദേഹം രാജിവയ്ക്കാൻ തയ്യാറുണ്ടോ? ഒക്ടോബറിൽ തിരഞ്ഞെടുപ്പു നടത്തിയില്ലെങ്കിൽ ഇന്നുള്ള മുനിസിപ്പൽ പഞ്ചായത്തു കോർപ്പറേഷനുകൾ പിരിച്ചുവിടാൻ തയ്യാറുണ്ടോ? അതു ജനാധിപത്യ വിരുദ്ധമല്ലേ എന്നു ചോദിച്ചേക്കും. ഇതു പിരിച്ചുവിട്ടുകഴിയുമ്പോൾ ഈ രാജ്യത്തിലെ മുഴുവൻ ജനങ്ങളും ഒന്നിച്ച് ഒരു തിരഞ്ഞെടുപ്പിനുവേണ്ടി ശക്തിയായി മുന്നോട്ടുവന്ന് ആവശ്യപ്പെടും. ആ ശക്തിയെ ഗവൺമെൻറിനു നേരിടേണ്ടിവരും. അപ്പോൾ തിരഞ്ഞെടുപ്പ് ഉടനെ നടത്തേണ്ടിവരും, അതല്ലെങ്കിൽ പഞ്ചായത്ത് മുനിസിപ്പൽ തിരഞ്ഞെടുപ്പുകളും ജില്ലാ ഭരണസമിതി തിരഞ്ഞെടുപ്പുകളും അതുപോലെ നമ്മുടെ പൊതുതിരഞ്ഞെടുപ്പും ഒന്നിച്ച് നടത്താൻ ഈ ഗവൺമെൻറ് ഉദ്ദേശിക്കുന്നു, അതാണ് ഗവൺമെൻറിൻെറ ആത്മാർത്ഥമായ തീരുമാനം എന്ന് ഒന്ന് ഉറക്കെ പ്രഖ്യാപിക്കണം. അങ്ങനെ പ്രഖ്യാപിക്കാതെ ഈ ഒളിച്ചുകളി ആകരുതെന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ബില്ലിനെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. എ. നീലലോഹിതദാസൻ നാടാർ: സർ, ഞാൻ ഈ ബില്ലിനെ എതിർക്കുന്നു. ഈ ബില്ലിനെ എതിർക്കുമ്പോൾ അനാഥമായിത്തീർന്നിരിക്കുന്ന തിരുവനന്തപുരം നഗരത്തേയും ആ നഗരത്തിൽ സ്ഥിതിചെയ്യുന്നു എന്ന ഒറ്റ കാരണംകൊണ്ടുതന്നെ അനാഥമായിത്തീർന്നിരിക്കുന്ന സെക്രട്ടേറിയറ്റിനേയും സെക്രട്ടേറിയറ്റിലെ നിയമസഭാ മന്ദിരത്തേയുമാണ് ഞാൻ എൻെറ മുമ്പിൽ കാണുന്നത്. ഒരു നഗരപിതാവ് എന്നു പറയുന്നത് നഗരത്തിലെ ഒന്നാം പൗരനാണ്. ആ ഒന്നാം പൗരനില്ലാതെ, കഴിഞ്ഞ കുറെ നാളുകളായി അനാഥമായി തിരുവനന്തപുരം നഗരത്തിന് കഴിയേണ്ടി വന്നിരിക്കുന്നു. മന്ത്രിമാരടക്കമുള്ള ആളുകൾ ഇവിടെ അധിവസിക്കുന്നുണ്ടെങ്കിൽപോലും ഗവർണ്ണർ ഇവിടെ താമസിക്കുന്നുണ്ടെങ്കിൽപോലും ഈ നഗരത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രാധാന്യം അർഹിക്കുന്ന ആൾ നഗര പിതാവാണ്. കേരളത്തിൻെറ തലസ്ഥാന നഗരിയായ ഈ തിരുവനന്തപുരം നഗരത്തെയെങ്കിലും ഈ തിരഞ്ഞെടുപ്പ് മാറ്റിവയ്ക്കൽ നടപടികളിൽനിന്ന് മോചിപ്പിക്കാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും മറ്റു മന്ത്രിമാരും ഗവൺമെൻറും ഭരണകക്ഷിയും തയ്യാറാകണമെന്നുള്ള ഒരു അഭ്യർത്ഥന വിനയപുരസരം അവരുടെ മുൻപിൽ സമർപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പോരെങ്കിൽ ഈ തിരുവനന്തപുരം നഗരവുമായി അഭേദ്യമായി ബന്ധമുള്ള പല ആളുകളും ഇന്ന് ഭരണകക്ഷിയിലും മന്ത്രിസഭയിലും ഉണ്ട് എന്ന വസ്തുത മറച്ചുവയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഞാൻ ഇത് സംസാരിക്കുമ്പോൾ അവിടെ സംസാരിച്ചുകൊണ്ടിരിക്കുന്ന ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പു മന്ത്രി ശ്രീ.കെ. പങ്കജാക്ഷൻ ഈ തിരുവനന്തപുരം നഗരത്തിൽപ്പെട്ട ഒരു നിയോജകമണ്ഡലത്തിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട് നിയമസഭയിലേക്ക് വന്ന് മന്ത്രിയായ ഒരാളാണ്. അദ്ദേഹവും, ഇപ്പോൾ ആര്യനാട് നിയോജകമണ്ഡലത്തിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ടെങ്കിൽപോലും ഈ തിരുവനന്തപുരം നഗരത്തിൻെറ പൊതുജീവിതവുമായി വളരെയധികം ബന്ധവുമുള്ള, വളരെക്കാലം കൗൺസിലറും മേയറും ആയിരിക്കുകയും ചെയ്തിട്ടുള്ള ശ്രീമാൻ വാമദേവനും ഭരണകക്ഷിയിൽ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ ധനകാര്യമന്ത്രിയായിരിക്കുന്ന ശ്രീ. വരദരാജൻനായർ. അദ്ദേഹം ഒരിക്കൽ ഈ തിരുവനന്തപുരം നഗരത്തിന്റെ നഗരപിതാവായിരുന്ന ആളാണ്. ഈ നഗരത്തിന്റെ പൊതു ജീവിതവുമായി അദ്ദേഹത്തിന് ബന്ധമുള്ള ആളാണ്. ഇങ്ങനെ ഉള്ള ആളുകൾ ഈ മന്ത്രിസഭയിൽ ഇരുന്നുകൊണ്ടുതന്നെ ഭരണകക്ഷിയുടെ ഭാഗത്തുനിന്നും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഈ നഗരസഭയുടെ തിരഞ്ഞെടുപ്പ് അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകുന്നതിനുള്ള നടപടികൾ തുടരുന്നത് തികച്ചും ഖേദകരമാണ്. ഈ ബിൽ അവതരിപ്പിച്ച ബഹുമാന്യനായ മന്ത്രിയെ സംബന്ധിച്ചിടത്തോളം അദ്ദേഹം ഈ നഗരത്തിൽ ജനിച്ചു വളർന്ന ആൾ അല്ലെങ്കിൽപോലും കഴിഞ്ഞ കുറെ നാളുകളായി കേരളത്തിലെ ഐക്യമുന്നണി രാഷ്ട്രീയത്തിന്റെ പ്രത്യേകതകൾ കാരണം മന്ത്രിയായി തുടരാനും ഈ തിരുവനന്തപുരം നഗരത്തിൽ സ്ഥിരം താമസക്കാരനുമായി മാറാനും കഴിഞ്ഞ ആളാണ്. എന്നിട്ടും തിരഞ്ഞെടുപ്പ് നീട്ടിവയ്ക്കുന്നത് ഈ തലസ്ഥാന നഗരിയോട് കാണിക്കുന്ന അക്ഷന്തവ്യമായ അപരാധമാണെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്.

ശ്രീ. ആർ. സുന്ദരേശൻ നായർ: ക്ലിഫ് ഹൗസിനകത്തുള്ള താമസം പ്രയാസകരം അല്ലല്ലോ?

ശ്രീ. എ. നീലലോഹിതദാസൻ നാടാർ: ക്ലിഫ് ഹൗസിനകത്തുള്ള താമസം ഒരുപക്ഷേ പ്രയാസമുള്ളതല്ലെങ്കിൽപോലും എന്നും ക്ലിഫ് ഹൗസിനകത്ത് ഒതുങ്ങിക്കൂടികഴിയാമെന്ന് ആരും വ്യാമോഹിക്കേണ്ട. ഇന്ന് അല്ലെങ്കിൽ നാളെ പുറത്തിറങ്ങി ഈ നഗരത്തിലെ ജനങ്ങളുടെ മധ്യത്തിലേക്ക് വരേണ്ടിവരുമെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. തോറ്റുപോകുമെന്ന ഭയംകൊണ്ടാണ് തിരഞ്ഞെടുപ്പു നടത്താത്തത് എന്നു പറഞ്ഞിട്ടു കാര്യമില്ല. കാരണം നിങ്ങൾ തോറ്റുകഴിഞ്ഞിരിക്കുന്നു. തിരുവനന്തപുരം ഈസ്റ്റ് തിരഞ്ഞെടുപ്പിൽ നിങ്ങൾ 3-ാം സ്ഥാനത്ത് വന്നുകഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് നഗരസഭ തിരഞ്ഞെടുപ്പ് നടത്തി തോറ്റാലും നേരത്തെ തോറ്റതുകൊണ്ട് ഇതിൽ പുതുമയില്ലെന്നു പറഞ്ഞ് രക്ഷപ്പെടാനും കഴിയും. അതുകൊണ്ട് മറ്റു മുനിസിപ്പൽ തിരഞ്ഞെടുപ്പും പഞ്ചായത്ത് തിരഞ്ഞെടുപ്പുകളുമൊക്കെ മാറ്റിവയ്ക്കേണ്ടിവന്നാൽപോലും ഈ തിരുവനന്തപുരം നഗരസഭയുടെ തിരഞ്ഞെടുപ്പെങ്കിലും ഉടനടി നടത്താനുള്ള നടപടികൾ നിങ്ങൾ സ്വീകരിക്കണമെന്ന് ഒന്നുകൂടി ഞാൻ അപേക്ഷിക്കുകയാണ്. ഇന്ന് തിരഞ്ഞെടുപ്പ് നടത്താത്തതുകൊണ്ട് തിരഞ്ഞെടുക്കപ്പെട്ട നഗരസഭയും നഗരപിതാവും ഇല്ലാത്തതുകൊണ്ട് വളരെയധികം ബുദ്ധിമുട്ടുകൾ, ഇവിടത്തെ സ്ഥിരം താമസക്കാരായിരുന്നാലും ഉദ്യോഗങ്ങൾക്കും മറ്റു കാര്യങ്ങൾക്കും വേണ്ടി ഇവിടെ വന്നു താമസിച്ചുകൊണ്ടിരിക്കുന്ന ആളുകളായിരുന്നാലും അനുഭവിച്ചുകൊണ്ടിരിക്കുന്നു എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഇവിടെ നഗരത്തിന്റെ സ്പന്ദനങ്ങളും ചലനങ്ങളുമായി ബന്ധമില്ലാത്ത, ഈ നഗരത്തിന്റെ വികസന പ്രവർത്തനവുമായി യാതൊരു താൽപര്യവുമില്ലാത്ത കുറെ ഉദ്യോഗസ്ഥ മേധാവികളാണ് ഇന്ന് ഭരണം നടത്തിക്കൊണ്ടിരിക്കുന്നത്. ഇവിടത്തെ ഒരു നഗരവാസി സാധാരണ പൗരൻ അത് ഇവിടെ സ്ഥിരം താമസിക്കുന്ന ആൾ ആയിരുന്നാലും ശരി ഔദ്യോഗിക കാര്യങ്ങൾക്കുവേണ്ടി ഇവിടെ വന്നു. താൽക്കാലികമായി താമസിക്കേണ്ടിവരുന്ന ആളായിരുന്നാലും ശരി എന്തെങ്കിലും പ്രശ്നങ്ങളുമായി നഗരസഭാ മന്ദിരത്തിലേക്ക് കടന്നുചെന്ന് ഉദ്യോഗസ്ഥൻമാരുടെ അടുത്ത്

LIBRARY ARCHIVES Kerala Legislative Assembly

എന്തെങ്കിലും ഒരു പ്രശ്നം അവതരിപ്പിച്ചാൽ അത് കേൾക്കാനോ ആ പ്രശ്നങ്ങൾക്ക് ഒരു പരിഹാരം കണ്ടെത്താനോ ആരുമില്ലാത്ത ഒരു സ്ഥിതിയാണ് ഇന്നുള്ളത്.

സർ, ഇവിടെ ടാക്സ് വർദ്ധിപ്പിച്ച കാര്യം പറഞ്ഞു. അതിനെക്കുറിച്ചുള്ള പരാതികളും അഭിപ്രായ പ്രകടനങ്ങളും എല്ലാം ഇതിനകം തന്നെ ഈ സഭയുടെ മുമ്പിൽ കൊണ്ടുവന്നിട്ടുള്ളതാണ്. ഭരണകക്ഷി എന്നോ പ്രതിപക്ഷമെന്നോ വ്യത്യാസംകൂടാതെ എല്ലാ കക്ഷികളുടെ ഭാഗത്തുനിന്നും പറഞ്ഞിട്ടുള്ളതാണ്. ആ വകപ്രശ്നങ്ങൾക്കൊന്നും ന്യായമായ പരിഹാരം കണ്ടെത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടില്ല. പ്രൊഫഷണൽ ടാക്സ് പിരിക്കുന്ന കാര്യത്തിൽ കാണുന്ന അമാന്തം ശ്രീ. സുന്ദരേശൻ നായർ ഇവിടെ സൂചിപ്പിച്ചു. പ്രൊഫഷണൽ ടാക്സ് പിരിക്കാൻ അമാന്തം കാണിക്കുക മാത്രമല്ല, ചില വലിയ ഉദ്യോഗസ്ഥൻമാർ അടക്കമുള്ള ആളുകളെ പ്രൊഫഷണൽ ടാക്സ് നൽകുന്നതിൽനിന്ന് രക്ഷപ്പെടുത്താൻ ഈ കോർപ്പറേഷനിൽ ഭരണം നടത്തുന്ന ഉദ്യോഗസ്ഥൻമാർ ശ്രമിക്കുന്നുണ്ട്. നഗരസഭയോടും വരുമാന മാർഗ്ഗത്തോടും യാതൊരു താൽപര്യവുമില്ലാതെ ഇവിടത്തെ ഉദ്യോഗസ്ഥൻമാർ ഒളിച്ചുകളി നടത്തുന്നു എന്ന ആരോപണം ഞാൻ ഉന്നയിക്കുകയാണ്. ഇങ്ങനെയുള്ള ഒരു സാഹചര്യത്തിൽ ഈ നഗരസഭയുടെ സമ്പത്തിക ഭദ്രതതന്നെ തകരുന്ന ഒരു സാഹചര്യം വരുന്നുണ്ട്. ഈ സാഹചര്യത്തെ എത്രയും വേഗം അവസാനിപ്പിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതിനുവേണ്ടി തിരഞ്ഞെടുപ്പ് പെട്ടെന്നു നടത്തണം.

അതുപോലെതന്നെ തെരുവു കച്ചവടക്കാർ എന്നു പറയുന്ന ഒരു വിഭാഗം ആളുകളും ഉണ്ട്; ലൈസൻസ് വാങ്ങിയും അല്ലാതെയും കച്ചവടം നടത്തുന്നവർ. അവരെ നിയന്ത്രിക്കുന്നതിന് വ്യക്തമായ ഒരു സാഹചര്യം ഇന്നിവിടെ ഇല്ല. രായ്ക്കുരാമാനം വഴിവക്കിൽവച്ച് ചായയും മറ്റു പലഹാരങ്ങളും ഉണ്ടാക്കി കച്ചവടം നടത്തി അന്നന്ന് കിട്ടുന്ന തുച്ഛമായ വരുമാനംകൊണ്ട് ജീവിക്കുന്ന ഈ തെരുവു കച്ചവടക്കാരെ ചില പ്രത്യേക ദിവസങ്ങളിൽ ചില ഉദ്യോഗസ്ഥൻമാർ കടന്നാക്രമണം നടത്തി അവരെ പിടിച്ചുകൊണ്ടുപോയി, സാധനങ്ങളെല്ലാം എടുത്തുകൊണ്ടുപോയി അവരെ ദ്രോഹിക്കുന്ന ഒരു സാഹചര്യം ഉണ്ടായിട്ടുണ്ട്. നിയമം അതാണെന്ന് ഒരുപക്ഷേ പറയുമായിരിക്കാം. പക്ഷേ തിരഞ്ഞെടുക്കപ്പെട്ട നഗരസഭയും നഗരപിതാവും ഉണ്ടായിരുന്നെങ്കിൽ ഈ പ്രശ്നങ്ങൾ നേരിടാൻ വേണ്ടി മനുഷ്യത്വപരമായ സമീപനം സ്വീകരിക്കാനും മനുഷ്യത്വപരമായ നയം സ്വീകരിക്കാനും കഴിയുമായിരുന്നു എന്നുള്ള കാര്യത്തിൽ സംശയമില്ല. പക്ഷേ ഉദ്യോഗസ്ഥൻമാർക്കു അതിനൊന്നും താൽപര്യമില്ല. തിരഞ്ഞെടുപ്പ് ഈ നഗരസഭയെ സംബന്ധിച്ചിടത്തോളം നീട്ടിക്കൊണ്ടുപോയാൽ ഈ നഗരത്തിന്റെ വളർച്ചയേയും വികാസത്തേയും അത് ബാധിക്കുമെന്നു മാത്രമല്ല ഈ നഗരത്തിന്റെ കഴിഞ്ഞകാലങ്ങളിലുള്ള അന്തസ്സും പേരും പെരുമയും ഇല്ലാതാക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യും. ഇവിടെ സൂചിപ്പിച്ചതുപോലെ പ്രകൃതിരമണീയമായ, ഇൻഡ്യയിലെ അപൂർവ്വം ചില പട്ടണങ്ങളിൽ ഒന്നാണ് തിരുവനന്തപുരം എന്നു പേരുണ്ടായിരുന്നു. പക്ഷേ ഇന്നത്തെ സ്ഥിതി എന്താണ്. പൊതുമരാമത്തുവകുപ്പു മന്ത്രി അവിടെ ഇരുന്നിരുന്നു. ഇപ്പോൾ അദ്ദേഹത്തെ കാണുന്നില്ല. അദ്ദേഹത്തിന്റെ സ്വന്തം സ്ഥലമായ പേട്ട അടക്കമുള്ള സ്ഥലങ്ങളിലെ തെരുവീഥികളുടെ സാഹചര്യങ്ങൾ ഒന്നു പരിശോധിച്ചു നോക്കിയാൽ, ബസ്സിലായാലും കാറിലായാലും ഓട്ടോറിക്ഷയിലായാലും നടന്നായാലും ആളുകൾക്ക് പോകാൻ

LIBRARY ARCHIVES Kerala Legislative Assembly

വയ്യാത്ത സഞ്ചാര്യമാണ് ഉണ്ടായിരിക്കുന്നത്. അതുപോലെതന്നെ ഇവിടെ പൂജപ്പുരയിൽ ഒരു ക്ഷയരോഗാശുപത്രി ഉണ്ട്. ആ ക്ഷയരോഗാശുപത്രിയിൽ കിടക്കുന്ന ഏതെങ്കിലും ഒരു രോഗിയെ അന്വേഷിച്ച് ആരെങ്കിലും ആ റോഡിലൂടെ കാറിലോ ബസ്സിലോ, ഓട്ടോറിക്ഷയിലോ പോകാനുള്ള സാഹചര്യം ഉണ്ടായാൽ അയാൾക്കും ക്ഷയരോഗം ഉണ്ടാകുന്ന സാഹചര്യം ഉണ്ടാകും. അത്രയധികം ദയനീയമാണ് ആ റോഡിന്റെ സ്ഥിതി. അങ്ങനെ ഒന്നല്ല എല്ലാ റോഡുകളുടെയും ദയനീയസ്ഥിതി ഈ നഗരത്തിൽ വസിക്കുന്ന, അസംബ്ലികാലഘട്ടത്തിൽ എം. എൽ. എ. ക്വാർട്ടേഴ്സിൽനിന്ന് അങ്ങോട്ടുമിങ്ങോട്ടും ഇറങ്ങിച്ചുറ്റുന്ന ഏതൊരു നിയമസഭാസാമാജികനും നേരിട്ടു ബോദ്ധ്യപ്പെടുന്ന ഒന്നാണ്. ഈ ദയനീയമായ സ്ഥിതിവിശേഷത്തിൽനിന്നും ഈ നഗരത്തെ മോചിപ്പിക്കുന്നതിനുവേണ്ടി മറ്റു മുനിസിപ്പാലിറ്റികളുടെയും പഞ്ചായത്തുകളുടെയും തിരഞ്ഞെടുപ്പ് നിങ്ങൾക്ക് നേരിടാനുള്ള ഭയം കൊണ്ട് മാറ്റിവച്ചാൽപോലും തിരുവനന്തപുരം നഗരസഭയുടെ എങ്കിലും തിരഞ്ഞെടുപ്പു നടത്താൻ തയ്യാറാകണമെന്ന് ഒരിക്കൽകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ബിൽ പിൻവലിച്ച് തിരഞ്ഞെടുപ്പു നടത്താനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, തിരുവനന്തപുരം പട്ടണം അനുഭവിച്ചുകൊണ്ടിരിക്കുന്ന പല പ്രശ്നങ്ങളെക്കുറിച്ചും ശ്രദ്ധക്ഷണിച്ചുകൊണ്ട് ഈ സഭയിലെ രണ്ടു മെമ്പറൻമാർ ചെയ്ത പ്രസംഗം ഞാൻ സശ്രദ്ധം ശ്രവിക്കുകയുണ്ടായി. ആ പ്രശ്നങ്ങൾ ഗവൺമെന്റ് സജീവമായി പരിഗണിക്കുമെന്നു മാത്രമേ ഈ ബില്ലുമായി ബന്ധപ്പെട്ടല്ലെങ്കിലും അവരോടു എനിക്കു പറയാനുള്ളൂ. പിന്നെ തിരുവനന്തപുരം ഇന്നത്തെ സംവിധാനത്തിൽ അവഗണിക്കപ്പെടുന്നു എന്ന വാദം ശരിയല്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരത്തിനു വളരെ അഭിവൃദ്ധിയുണ്ടായിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ പരിശ്രമഫലമായി ഇവിടെനിന്നും ഡയറക്ട് ഫ്ലൈറ്റ് ഉണ്ടായിട്ടുണ്ട്. ധാരാളം കെട്ടിടങ്ങൾ കെട്ടാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടെലിവിഷനുള്ള ഏർപ്പാടു ചെയ്യാൻ പോകുന്നു. തിരുവനന്തപുരം പട്ടണം പണ്ടെങ്ങുമില്ലാത്ത അഭിവൃദ്ധി പ്രാപിച്ചുവരികയാണ്. ഈ ബിൽ പാസ്സാക്കിത്തരണമെന്നു അഭ്യർത്ഥിക്കുന്നു.

ശ്രീ. എ. നീലലോഹിതദാസൻനാടാർ: സംസ്ഥാനഗവൺമെന്റ് എന്തെല്ലാം നടപടികളാണ് തിരുവനന്തപുരം നഗരത്തിന്റെ വികസനത്തിനുവേണ്ടി ചെയ്തിട്ടുള്ളത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഈ എല്ലാ പരിപാടികളും സംസ്ഥാനഗവൺമെന്റിന്റെ പരിശ്രമഫലമായിട്ടാണ്. സംസ്ഥാന ഗവൺമെന്റ് ശ്രമിച്ചില്ലെങ്കിൽ ഈ അഭിവൃദ്ധി വരികയില്ല.

ശ്രീ. എ. നീലലോഹിതദാസൻനാടാർ: ടെലിവിഷനും സംസ്ഥാന ഗവൺമെന്റാണോ ചെയ്യുന്നത്.

ശ്രീ.സി.എച്ച്. മുഹമ്മദുകോയ: അതിനുള്ള സ്ഥലം സംസ്ഥാന ഗവൺമെന്റാണ് കൊടുക്കേണ്ടത്. അതിനുള്ള ഏർപ്പാട് സംസ്ഥാന ഗവൺമെന്റ് ചെയ്തില്ലെങ്കിൽ വരികയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. സുന്ദരേശൻനായർ: റെയിൽവേ ഡിവിഷൻ എന്തായി?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: റെയിൽവേ ഡിവിഷനും മുനിസിപ്പൽ ബില്ലുമായി ബന്ധമൊന്നുമില്ല.

The amendment moved by Shri N. I. Devassikutty was put and lost.

The amendment moved by Shri R. Sundaresan Nair, was, put and lost.

The question that the Trivandrum Municipal Corporation (Dissolution) Amendment Bill, 1979, be taken into consideration, was put and carried.

The Bill was taken into consideration.

Clause 2

Minister for Education (**Shri C. H. Mohammed Koya**) : Sir, I move the following amendments:

1. In sub-clause (a), for the word and figures "June, 1979" the word and figures "October, 1979" shall be substituted.

2. In sub-clause (b) for the word and figures "June, 1984" the word and figures "October, 1984" shall be substituted.

The question that the amendments moved by the Hon. Minister be adopted was put and carried.

The question that clause 2, as amended stands part of the Bill, was put and carried.

Clause 2, as amended was added to the Bill.

Clause 3

The question that clause 3, stands part of the Bill, was put and carried.

Clause 3 was added to the Bill.

Clause 1, *Preamble and Title*

The question that Clause 1, Preamble and Title stand part of the Bill, was put and carried.

Clause 1, Preamble and Title were added to the Bill.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, 1979-ലെ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ (പിരിച്ചുവിടൽ) ഭേദഗതി ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Minister for Public Health (**Shri K. P. Prabhakaran**) : Sir I second it.

The question that the Trivandrum Municipal Corporation (Dissolution) Amendment Bill, 1979 be finally passed was put and carried.

Shri R. Sundaresan Nair: Sir, I demand a poll.

(A poll was taken when the House divided as follows)

AYES—53

1. ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി
2. ശ്രീ. എ.കെ. ആൻറണി
3. ശ്രീ. ആര്യാടൻ മുഹമ്മദ്
4. ശ്രീ. കെ. കെ. ബാലകൃഷ്ണൻ
5. ശ്രീ. എൻ.കെ. ബാലകൃഷ്ണൻ
6. ശ്രീ. യു.എ. ബീരാൻ
7. ശ്രീ. പി.കെ. ചാത്തൻമാസ്റ്റർ
8. ശ്രീ. ഈപ്പൻ കണ്ടക്കുടി
9. ശ്രീ. പി.ആർ. ഫ്രാൻസീസ്
10. ശ്രീ. ഇ.പി. ഗോപാലൻ
11. ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ
12. ശ്രീ. എ.എൽ. ജേക്കബ്
13. ശ്രീ. ടി. എം. ജേക്കബ്
14. ശ്രീ. ടി.എസ്. ജോൺ
15. ഡോക്ടർ കെ.സി. ജോസഫ്
16. ശ്രീ. പി. ജെ. ജോസഫ്
17. ശ്രീ. കെ. കെ. കുമാരപിള്ള
18. ശ്രീ. കെ.ടി. കുമാരൻ
19. ശ്രീ. കാന്തലോട്ടു കുഞ്ഞമ്പു
20. ശ്രീ. പി. ടി. കുഞ്ഞുട്ടി ഹാജി
21. ശ്രീ. കെ. വി. കുര്യൻ
22. ശ്രീ. ലോനപ്പൻ നമ്പാടൻ
23. ശ്രീ. ടി.എ. മജീദ്
24. ശ്രീ. കെ.എം. മാണി
25. ശ്രീ. എം.വി. മാണി
26. ശ്രീ. കെ.എ. മാത്യു
27. ശ്രീ. എൻ.പി. മൊയ്തീൻ
28. ശ്രീ. സി.എച്ച്. മുഹമ്മദുകോയ
29. ശ്രീ. കെ. നാരായണക്കുറുപ്പ്
30. ശ്രീ. കല്ലട നാരായണൻ
31. ശ്രീ. ഉമ്മൻ ചാണ്ടി
32. ശ്രീ. കെ. പങ്കജാക്ഷൻ
33. ശ്രീ. കെ.പി. പ്രഭാകരൻ
34. ശ്രീ. കണിയാപുരം രാമചന്ദ്രൻ
35. ശ്രീ. എം. രാമണ്ണ
36. ശ്രീ. പി. ശങ്കർ

LIBRARY ARCHIVES Kerala Legislative Assembly

37. ശ്രീ. കെ. ശങ്കരനാരായണൻ
38. ശ്രീ. വി.ടി. സെബാസ്റ്റ്യൻ
39. ശ്രീ. പി. സീതി ഹാജി
40. ശ്രീ. ബി.വി. സീതി തങ്ങൾ
41. ശ്രീ. വി. എം. ഷെറീഫ്
42. ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്കൽ
43. ശ്രീ. പി.കെ. ശ്രീനിവാസൻ
44. ശ്രീ. പി.എസ്. ശ്രീനിവാസൻ
45. ശ്രീ. കെ. സുകുമാരനുണ്ണി
46. ശ്രീ. സി. എം. സുന്ദരം
47. ശ്രീ. എ.വി. താമരാക്ഷൻ
48. ശ്രീ. തോമസ് ജോസഫ്
49. ശ്രീ. ത്യാഗരാജൻ
50. ശ്രീ. ആർ.എസ്. ഉണ്ണി
51. ശ്രീ. കെ.സി. വാമദേവൻ
52. ശ്രീ. കെ.പി. വിശ്വനാഥൻ
53. ശ്രീ. എ. എൻ. യൂസഫ്

NOES 18

1. ശ്രീ. ടി.കെ. അബ്ദു
2. ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്
3. ശ്രീ. കെ. ചന്ദ്രശേഖരൻ
4. ശ്രീ. എൻ.ഐ. ദേവസ്സിക്കുട്ടി
5. ശ്രീ. എം.പി. ഗംഗാധരൻ
6. ശ്രീ. കെ.ജെ. ജോർജ്
7. ശ്രീ. പി. കരുണാകരൻ
8. ശ്രീ. എം.കെ. കൃഷ്ണൻ
9. ശ്രീ. പി.വി. കുഞ്ഞിക്കണ്ണൻ
10. ശ്രീ. എ.പി. കുര്യൻ
11. ശ്രീ. പി.പി.വി. മൂസ്സ
12. ശ്രീ. എ. നീലലോഹിതദാസൻ നാടാർ
13. ശ്രീ. എം.വി. രാഘവൻ
14. ശ്രീ. പി.ആർ. ശിവൻ
15. ശ്രീ. സുബ്രഹ്മണ്യ ഷേണായി
16. ശ്രീ. ആർ. സുന്ദരേശൻ നായർ
17. ശ്രീ. സി. വാസുദേവമേനോൻ
18. ശ്രീ. പിണറായി വിജയൻ

NEWTRALS—Nil

Mr. Deputy Speaker

Those for the motion 53

Against 18

Neutrals Nil.

The motion is adopted.

The Bill was declared finally passed.

LIBRARY ARCHIVES Kerala Legislative Assembly